**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്നു വ്യാപാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെറ്റാമെലോൺ ഡാർക്ക് നെറ്റ് ലഹരി ഇടപാടുമായി ബന്ധപ്പെട്ട മലയാളികളായ എൻജിനീയർമാർ അറസ്റ്റിലായത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | കെറ്റാമെലോൺ ഡാർക്ക് നെറ്റ് ലഹരി ഇടപാടുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) | ഡാർക്ക് നെറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് വൻതോതിൽ ലഹരി മരുന്ന് വ്യാപാരം നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്നു വ്യാപാരം തടയുന്നതിന് എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉത്പന്നങ്ങൾ വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന കൈമാറ്റം ചെയ്യുന്നതു കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി കടത്തും കച്ചവടവും നടത്തുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ചു പ്രവർത്തനങ്ങൾ നിരീക്ഷിച്ചു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൊറിയർ സർവ്വീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നു.<br><br>ഡാർക്ക് നെറ്റ് മുഖാന്തിരം ഇടപാടുകൾ നടത്തി ഇന്റർനാഷണൽ മെയിൽ സെന്റർ വഴി കടത്തിക്കൊണ്ട് വന്ന ലഹരിമരുന്ന് കണ്ടെടുത്ത് മൂന്ന് കേസുകൾ 2025 വർഷത്തിൽ എറണാകുളം എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദേശത്തു നിന്നും മയക്ക് മരുന്ന് വരാൻ സാധ്യതയുള്ള പാർസൽ സർവീസുകൾ കേന്ദ്രീകരിച്ച് ജില്ലയിലെ എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിവിധ റിസോർട്ടുകൾ കേന്ദ്രീകരിച്ച് ലഹരി പാർട്ടികൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരി പാർട്ടികൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; എത്ര സ്ഥലത്ത് നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ റിസോർട്ട് ഉടമകൾ ഉൾപ്പെടെയുള്ളവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരി പാർട്ടികൾ നടത്തിയതുമായി ബന്ധപ്പെട്ട് 52 റിസോർട്ടുകളിൽ പരിശോധന നടത്തുകയും ആകെ 1579 റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 4 സ്ഥലത്ത് നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയതിനെത്തുടർന്ന് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ നിന്നായി 6.362 ഗ്രാം MDMA, 120 ഗ്രാം ഗഞ്ചാവ് , 97.186 ഗ്രാം ഹാഷിഷ് ഓയിൽ, 5 ഗഞ്ചാവ് ചെടികൾ, എന്നിവ തൊണ്ടിയായി പിടികൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ